ഭരണഭാഷ - മാതൃഭാഷ

പരീക്ഷ - അടിയന്തിരം

നം.ക്യൂ.ഐ.പി(1)/24318/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 22/8/2019.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2019-20 അദ്ധ്യയന വർഷത്തെ ഒന്നാം പാദവാർഷിക പരീക്ഷ നടത്തിപ്പ് - സംബന്ധിച്ച്.

സൂചന:- --

****

2019-20 അദ്ധ്യയന വർഷത്തെ ഒന്നാം പാദ വാർഷിക പരീക്ഷകൾ 26/8/2019 ന് ആരംഭിക്കുകയാണ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഓരോ സ്കൂളിനും ആവശ്യമായ ചോദ്യപേപ്പറുകൾ ബന്ധപ്പെട്ട ബി.ആർ.സി കളിൽ എത്തിച്ചിട്ടുണ്ട്. എൽ.പി./യു.പി./ഹൈസ്കൂളുകളാണെങ്കിൽ പ്രഥമാദ്ധ്യാപകരും, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളാണെങ്കിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവർ കൂടിച്ചേർന്ന് ചുമതലപ്പെടുത്തുന്ന അദ്ധ്യാപകരും ബി.ആർ.സി കളിൽ നിന്ന് 24/8/2019 ന് ചോദ്യപേപ്പറുകൾ ശേഖരിച്ച് സ്കൂളുകളിൽ എത്തിക്കേണ്ടതാണ്.
2. ഹൈസ്കൂൾ വിഭാഗം സ്പെഷ്യൽ സ്കൂളുകൾക്കുള്ള (എച്ച്.ഐ. വിഭാഗം) ചോദ്യപേപ്പറുകളും 24/08/2019 ന് ബന്ധപ്പെട്ട ബി.ആർ.സി കളിൽ നിന്ന് പ്രഥമാദ്ധ്യാപകർ ശേഖരിച്ച് സ്കൂളുകളിൽ എത്തിക്കേണ്ടതാണ്.
3. പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, എസ്.ആർ.ജി കൺവീനർ എന്നിവർ സംയുക്തമായി യോഗം ചേർന്ന് വിദ്യാർത്ഥികളുടെ സിറ്റിംഗ് ക്രമീകരണം നേരത്തേ കൂട്ടി ചാർട്ട് ചെയ്യുകയും 25-ാം തീയതി എല്ലാ ക്ലാസ്സ് റൂമിന്റെയും പ്രവേശന കവാടത്തിൽ വിദ്യാർത്ഥികളുടെ ക്രമീകരണം സംബന്ധിച്ച് സ്ലിപ്പ് പതിക്കേണ്ടതുമാണ്.
4. ക്ലാസ്സ് റൂമുകളിലെ വിദ്യാർത്ഥികളുടെ ക്രമീകരണം സംബന്ധിച്ച അറിയിപ്പ് നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.
5. ഒന്ന് മുതൽ നാലാം ക്ലാസ്സുവരെയും, 9, 10, +1, +2 എന്നീ ക്ലാസ്സുകളിലേയും പരീക്ഷകൾ രാവിലെ 10 മണിയ്ക്ക് ആരംഭിക്കേണ്ടതാണ്. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷകൾ ഉച്ച കഴിഞ്ഞ് 2 മണിയ്ക്കാണ് ആരംഭിക്കേണ്ടത്. (നേരത്തെ പ്രസിദ്ധീകരിച്ച ടൈംടേബിൾ പ്രകാരം 8 -ാം ക്ലാസ്സിലെ പരീക്ഷകൾ ഉച്ച കഴിഞ്ഞ് 1.30-ന് ആരംഭിക്കുമെന്നാണ് അറിയിച്ചിരുന്നത്. ആയത് 2 മണി മുതൽ ആരംഭിക്കേണ്ടതാണ്).

6. ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം ക്ലാസ്സ് റൂമുകൾ ക്രമീകരിക്കേണ്ടതാണ്. 9, 10 ക്ലാസ്സുകളിലെ കുട്ടികളെ ഇടകലർത്തിയും, +1, +2 കുട്ടികളെ ഇടകലർത്തിയും വെവ്വേറെ ക്ലാസ്സുകളിൽ ഇരുത്തി വേണം പരീക്ഷകൾ നടത്തേണ്ടത്. ഒരു ബെഞ്ചിൽ 3 കുട്ടികളെ ഇരുത്തുന്നതാണ് അഭികാമ്യം. ഏതെങ്കിലും സാഹചര്യത്തിൽ കൂടുതൽ കുട്ടികളെ ഇരുത്തേണ്ടി വന്നാൽ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവർ കൂടിയാലോചിച്ച് ഉചിതമായ ക്രമീകരണങ്ങൾ നടത്തി പരീക്ഷാ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.
7. ചോദ്യ പേപ്പറുകൾ കൈകാര്യം ചെയ്യുമ്പോൾ ആയതിന്റെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കേണ്ടതും, പരാതികൾക്ക് ഇടയാകാത്ത വിധം വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹയർ സെക്കണ്ടറി, ഹൈസ്ക്കൂൾ വിഭാഗങ്ങൾ ഒരുമിച്ച് പരീക്ഷാ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

പരീക്ഷ സംബന്ധമായ സംശയ നിവാരണത്തിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ താഴെ പറയുന്ന ഉദ്യോഗസ്ഥനെ ബന്ധപ്പെടാവുന്നതാണ്.

**സഞ്ജയ്.പി. – 7012088643**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പൽ/ വൈസ് പ്രിൻസിപ്പൽ/ പ്രഥമാധ്യാപകർക്കും
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്

സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ, സമഗ്ര ശിക്ഷ, കേരള
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

എസ്.എസ്.